(സി) സെക്രട്ടേറിയറ്റിൽ ഒരു സെക്ഷനിൽ നിന്ന് മുഖ്യമന്ത്രിയുടെ ആഫീസിൽ ഒരു ഫയൽ എത്താൻ എടുക്കുന്ന സമയം പൊതുവിൽ എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽ ഫയൽനീക്കം ത്വരിതഗതിയിലാണ് നടക്കുന്നത്. ഓൺലൈനായി ഫയൽനീക്കം നടത്താൻ കഴിയുമെന്നതിനാൽ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇത്തരം വകുപ്പുകളിൽ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. എന്നാൽ നിയമപരവും സാങ്കേതികവുമായും തടസ്സമുള്ള ഫയലുകൾ പെട്ടെന്ന് തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ ഇത്തരം ഫയലുകളൊഴികെ നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിൻന്മേലും പരാതികളിന്മേലും സമയ പരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കാറുണ്ട്.

(ബി) സെക്രട്ടേറിയറ്റിൽ ഘട്ടം ഘട്ടമായി ഇ-ഓഫീസ് നടപ്പാക്കാനാണ് തീരുമാനം. ഇപ്പോൾ സെക്രട്ടേറിയറ്റിലെ 19 വകുപ്പുകളിൽ പൂർണ്ണമായോ ഭാഗീകമായോ ഇ-ഓഫീസ് നടപ്പാക്കിക്കഴിഞ്ഞു. മറ്റ് വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ പരിശോധനയ്ക്കായി ഒരു ഫയൽ അയയ്ക്കുമ്പോൾ ഫയലിലെ വിഷയം, അനുബന്ധ രേഖകൾ, വസ്തുതകൾ എന്നിവ വളരെ വിശദമായും വസ്തുനിഷ്ഠമായും വകുപ്പിലെ ചുമതലപ്പെട്ട ഓരോ ഉദ്യോഗസ്ഥനും പരിശോധിച്ചതിനുശേഷം മാത്രമേ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. അതിന് ആവശ്യമായ സമയം മാത്രം വിനിയോഗിക്കുന്നുണ്ട്. എന്നാൽ വളരെ അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ അന്നുതന്നെ എത്തിക്കുവാൻ വകുപ്പുകൾ ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ട് സെക്ഷനിൽനിന്നും ഫയൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തുന്ന സമയം കൃത്യമായി നിജപ്പെടുത്തുവാൻ കഴിയുകയില്ല.

ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ

11(*611) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആഫീസുകളിൽ സ്ത്രീകൾക്കെതിരായ ലൈംഗീകാതിക്രമങ്ങൾ തടയുന്നതിന് ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ ; എങ്കിൽ സർക്കാരാഫീസുകളിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ, ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലങ്ങളിലുമുള്ള ആഫീസുകളിൽ ജീവനക്കാരുടെ പരാതി പരിഹരിക്കാൻ പ്രത്യേക പാനൽ രൂപീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ആന്റി ഹരാസ്മെന്റ് കമ്മിറ്റികളുടെയും പാനലുകളുടെയും ഘടന എന്തായിരിക്കും എല്ലാ ആഫീസുകളിലും ഇവ രൂപീകരിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് 'വിശാഖയും മറ്റുള്ളവരും Vs. രാജസ്ഥാൻ സ്റ്റേറ്റും മറ്റുള്ളവരും' എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എല്ലാ വകുപ്പുകളിലും വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി 2013-ൽ കേന്ദ്ര സർക്കാർ നിയമ നിർമ്മാണം നടത്തുകയും പ്രസ്തുത നിയമം 2013 ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വരികയും ചെയ്തതിനെത്തുടർന്ന് നിലവിൽ പ്രസ്തുത നിയമപ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകുകയും ആയത് അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) 2013-ലെ കേന്ദ്ര സർക്കാർ നിയമ പ്രകാരം, 10-ൽ താഴെ ജീവനക്കാർ പണിയെടുക്കുന്ന എന്ന കാരണത്താൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്തതിനാലോ, തൊഴിലുടമയ്ക്കെതിരായ പരാതിയായതിനാലോ, ഉള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിന് അതത് ജില്ലയ്ക്കായി ലോക്കൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് അതത് ജില്ലാ കളക്ടർമാരെ ജില്ലാ ഓഫീസർമാരായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 10 ജില്ലകളിൽ ലോക്കൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 ജില്ലകളിൽ ലോക്കൽ കംപ്ലൈന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്ന് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-ലെ നിയമത്തിലെ 4-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റിയുടെ ഘടന വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അദ്ധ്യക്ഷനായി തൊഴിൽ സ്ഥലത്തെ സീനിയർ വനിതാ ഉദ്യോഗസ്ഥയും തൊഴിലാളികളുടെ കൂട്ടത്തിൽ നിന്ന് രണ്ടിൽ കുറയാത്ത അംഗങ്ങളും ഉൾപ്പെട്ടിരിക്കണം. അവർ സാമൂഹ്യ പ്രവർത്തനങ്ങളിലോ, നിയമ പരിജ്ഞാനമുള്ളവരോ അല്ലെങ്കിൽ സ്ത്രീകളുടെ അവകാശവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോ ആയിരിക്കണം. കൂടാതെ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന ഒരു അനൗദ്യോഗികാംഗവും ഉൾപ്പെട്ടിരിക്കണം. കമ്മിറ്റി രൂപീകരിക്കാത്ത എല്ലാ ആഫീസുകളിലും അടിയന്തരമായി ആയത് രൂപീകരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷാ പ്രശ്നങ്ങൾ

12(*612) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷയ്ക്കും, അവർ ഉൾപ്പെടുന്ന കുറ്റ കൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിന് പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) ഏജന്റുമാരും മേസ്തിരിമാരും അന്യ സംസ്ഥാന തൊഴിലാളികളിൽ നിന്ന് പ്രതിദിന കമ്മീഷൻ ഈടാക്കുന്നതായും, പ്രാദേശിക ഗ്രൂപ്പുകൾ ഗ്രൂപ്പാപിരിവ് നടത്തുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള കർശന നിർദ്ദേശം നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സമൂഹത്തിലെ എല്ലാ പൗരന്മാർക്കും നൽകിവരുന്ന സുരക്ഷ ഇതര സംസ്ഥാന തൊഴിലാളികൾക്കും നൽകിവരുന്നുണ്ട്. തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തി അവർക്ക് സംരക്ഷണത്തിനും അവരെ നിരീക്ഷിക്കുന്നതിനും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly